॥ ओ३म् ॥

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!


പുസ്തകം : 11 ലക്കം : 4

സൃഷ്ടി സംവത്സരം 1972949125 കലിവർഷം 5125 വൈദിക സൗരമാസം : ഊർജ-സഹസ്
ചാന്ദ്രമാസം : കാർത്തികം- മാർഗ്ഗശീർഷം, കൊല്ലവർഷം 1199 തുലാം-വൃശ്ചികം 2023 ഒക്ടോബർ

വാർഷിക വരിസംഖ്യ :₹ 125/- ദീർഘകാലം : ₹1500/-




എ.വി രാധാകൃഷ്ണ വൈദിക് (1958 – 2021)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ**

ഒക്ടോബർ 2 : മഹാത്മാ ഗാന്ധി ജയന്തി
ലാൽ ബഹാദൂർ ശാസ്ത്രി ജയന്തി
ഒക്ടോബർ 4 : ശ്യാംജി കൃഷ്ണവർമ്മ ജന്മദിനം
ഒക്ടോബർ 15 : ഡോ. എ.പി.ജെ അബ്ദുൽ കലാം ജന്മദിനം
ഒക്ടോബർ 27 : ജതീന്ദ്രദാസ് ജന്മദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



**മണ്ഡലം 1** **സൂക്തം 14**

**ഇനി അടുത്ത മന്ത്രത്തിൽ അഗ്നി ശബ്ദത്താൽ രണ്ട് അർത്ഥങ്ങളെ ഉപദേശിക്കുകയാണ്**

**കാണ്വോ മേധാതിഥിർഋഷിഃ | വിശ്വേദേവാഃ ദേവതാഃ | ഗായത്രീഛന്ദഃ |**

**ഷഡ്ജഃ സ്വരഃ ||**

**ആ ത്വാ കണ്വാ അഹൂഷത ഗൃണന്തി വിപ്ര തേ ധിയഃ |**

**ദേവേഭിരഗ്ന ആ ഗഹി ||** (ഋഗ്വേദം 1.14.2)

**പദാർത്ഥം :-** അല്ലയോ (അഗ്നേ) ജഗദീശ്വരാ ! എപ്രകാരമാണോ (കണ്വാഃ) മേധാവികളായ വിദ്വാന്മാർ (ത്വാ) അങ്ങയുടെ (ഗൃണന്തി) പൂജനവും അതുപോലെ (അഹൂഷത) പ്രാർത്ഥനയും ചെയ്യുന്നത്, അപ്രകാരം തന്നെ ഞങ്ങളും അങ്ങയെ പൂജിക്കുന്നവരും, അങ്ങയോട് പ്രാർത്ഥിക്കുന്നവരുമാകട്ടെ. അല്ലയോ (വിപ്ര) മേധാവിയായ വിദ്വൻ! എങ്ങനെയാണോ (തേ) നിങ്ങളുടെ (ധിയഃ) ബുദ്ധി ഏതൊരു ഈശ്വരന്റെ (ഗൃണന്തി) ഗുണകഥനവും പ്രാർത്ഥനയും ചെയ്യുന്നത്, അപ്രകാരം ഞങ്ങളെല്ലാവരും ഒരുമിച്ച് അതേ ഈശ്വരന്റെ ഉപാസന ചെയ്തുകൊണ്ടിരിക്കട്ടെ. അല്ലയോ മംഗളമയനായ പരമാത്മൻ! അങ്ങ് കൃപ ചൊരിഞ്ഞ് (ദേവേഭിഃ) ഉത്തമ ഗുണങ്ങളെ പ്രകാശിപ്പിക്കാനും ഭോഗങ്ങളെ പ്രദാനം ചെയ്യാനുമായി ഞങ്ങൾക്ക് (ആഗഹി) ഉത്തമ പ്രകാരത്തിൽ പ്രാപ്തമായാലും.

അല്ലയോ (വിപ്ര) മേധാവിയും വിദ്വാനുമായ മനുഷ്യാ! എപ്രകാരമാണോ (കണ്വാഃ) മറ്റ് വിദ്വാന്മാർ (അഗ്നേ) അഗ്നിയെ (ഗൃണന്തി) ഗുണപ്രകാശനത്തിനു വേണ്ടിയും (അഹൂഷത) ശില്പവിദ്യയ്ക്ക് വേണ്ടിയും യുക്തമാക്കുന്നത്, അപ്രകാരം നിങ്ങളും ചെയ്യൂ. എങ്ങനെയാണോ (അഗ്നേ) ഈ അഗ്നി (ദേവേഭിഃ) ദിവ്യഗുണങ്ങളോടൊപ്പം ചേർന്ന് (ആഗഹി) ഉത്തമ പ്രകാരത്തിൽ തന്റെ ഗുണങ്ങളെ വിദിതമാക്കുന്നത് അതുപോലെ ഏതൊരു അഗ്നിയുടെയാണോ (തേ) നിന്റെ (ധിയഃ) ബുദ്ധി (ഗൃണന്തി) ഗുണകഥനം നടത്തുന്നത് അതുപോലെ ഏതൊരു അഗ്നിയെയാണോ (അഹൂഷത) അധികാധികം മാനിക്കുന്നത്, അതുകൊണ്ട് നിങ്ങൾ അനേകം കാര്യങ്ങളെ സിദ്ധമാക്കൂ.

**ഭാവാർത്ഥം :** ഈ മന്ത്രത്തിൽ ശ്ലേഷാലങ്കാരമാണുള്ളത്. മനുഷ്യർ ഈ ലോകത്തിലെ ഈശ്വരനാൽ നിർമ്മിക്കപ്പെട്ട പദാർത്ഥങ്ങളെ കണ്ട് നന്ദിപ്രകാശനവും, സ്തുതികളും ഈശ്വരനിൽ തന്നെയാണ് പ്രതിഫലിക്കുന്നതെന്ന് പറയേണ്ടതാണ്.

(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ. എം. രാജൻ മീമാംസക്)

(തുടരും)

**അഭീമം മഹിമാ ദിവം വിപ്രോ ബഭൂവ സപ്രഥാഃ (യജുർവേദം 38.17)**

**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 11 ലക്കം 4

സൃഷ്ടി സംവത്സരം 1972949125 കലിവർഷം 5125, വൈദിക സൗരമാസം : ഊർജ്ജ - സഹസ്

ചാന്ദ്രമാസം : കാർത്തികം - മാർഗ്ഗശീർഷം, കൊല്ലവർഷം : 1199 തുലാം - വൃശ്ചികം 2023 ഒക്ടോബർ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ** : കെ.എം. രാജൻ മീമാംസക്
**സഹ പത്രാധിപർ:** ബ്ര. വിഷ്ണുശർമ്മൻ
**ഉപദേശക സമിതി**
പുരുഷോത്തമൻ ആര്യ
വി. ഗോവിന്ദ ദാസ്
**പത്രാധിപ സമിതി** : കെ.കെ. ജയൻ, എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ.
**വ്യവസ്ഥാപകൻ:** കെ. ഉണ്ണികൃഷ്ണൻ


### താളുകൾ മറിക്കുമ്പോൾ


| | |
|---|---|
| വേദാധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ? | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| ഞാൻ എന്തുകൊണ്ട് ക്രിസ്തുമതം ഉപേക്ഷിച്ചു | 10 |
| വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം | 12 |
| ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം | 13 |
| ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ? | 16 |
| ഗുണപാഠ കഥകൾ | 18 |
| ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ | 19 |



**വിലാസം**

ദയാനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph: 7907077891, 9497525923
Email :dayanandasandesam@gmail.com
Visit Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആര്യസമാജം കേരളത്തിൽ

10. എ.വി രാധാകൃഷ്ണ വൈദിക് (1958 -2021)



കേരളത്തിൽ മഹർഷി ദയാനന്ദ സരസ്വതിയുടെ വേദപ്രചരണത്തിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവെച്ച മറ്റൊരു മഹദ് വ്യക്തി എ.വി രാധാകൃഷ്ണ വൈദിക് ആണ്.

വിജയരാഘവൻ - ലീല ദമ്പതികളുടെ മകനായി 1958 ഒക്ടോബർ 29ന് എറണാംകുളം ജില്ലയിലെ കലൂരിൽ ആണ് രാധാകൃഷ്ണ വൈദിക് ജനിച്ചത്. പത്താം ക്ലാസ് വരെ മാത്രമേ പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചുള്ളൂ. പിന്നീട് എല്ലാം സ്വയം പഠിക്കുകയായിരുന്നു. സംസ്കൃതത്തോടൊപ്പം ഇംഗ്ലീഷും പഠിച്ചു. ഗുരു ഉപേന്ദ്രശർമ്മയുടെ കീഴിൽ 11 വർഷം ഗുരുകുലസമ്പ്രദായത്തിൽ ചതുർവേദങ്ങളുടെ അധ്യയനം നടന്നു. 22-ാം വയസ്സിൽ പാരലൽ കോളേജുകളിൽ ഇംഗ്ലീഷ് അധ്യാപകനായി പ്രവർത്തിക്കാൻ തുടങ്ങി. അന്ന് അവിടെ പഠിച്ചിരുന്നവരും പഠിപ്പിച്ചിരുന്നവരുമായ പലരും അദ്ദേഹത്തിന്റെ

അഗ്നിനാഗ്നിഃ സമിധ്യതേ (സാമം 944)

ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.

ഷേക്സ്പിയർ സാഹിത്യത്തിലുള്ള പാണ്ഡിത്യത്തെ പ്രകീർത്തിച്ചിട്ടുണ്ട്. അതുപോലെ ലാറ്റിൻ, ജർമ്മൻ, പേർഷ്യൻ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, ഗ്രീക്ക് തുടങ്ങിയ ഭാഷകളിലും പ്രാവണ്യം നേടി. 1987 ൽ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയിൽ ജോലിയിൽ പ്രവേശിച്ച അദ്ദേഹം 2016 ൽ റിട്ടയർ ചെയ്തു. കുറച്ചുകാലം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ ഫ്രഞ്ച് അധ്യാപകനായി ജോലി ചെയ്തു.

വേദപഠന ക്ലാസ്സുകളിലൂടെ അദ്ദേഹത്തിന് വലിയ ഒരു ശിഷ്യസമ്പത്ത് കേരളത്തിലങ്ങോളമിങ്ങോളമുണ്ടായിരുന്നു. നൂറിൽ പരം വൈദിക ലേഖനങ്ങൾ അദ്ദേഹം വിവിധ മാസികകളിലായി എഴുതിയിരുന്നു. യജുർവേദസംഹിത, ധ്യാനതലങ്ങൾ, വേദരഹസ്യത്തിന്റെ പൊരുളുകൾ, ദൈവദശകം - സർവ്വമതാന്തരഭാഷ്യം എന്നിവ അദ്ദേഹത്തിന്റെ മുഖ്യ ഗ്രന്ഥങ്ങൾ ആണ്. ഡി. ശ്രീമാൻ നമ്പൂതിരി എഴുതിയ അഥർവവേദ സംഹിതയുടെ അവതാരിക എഴുതിയത് എ.വി രാധാകൃഷ്ണ വൈദിക് ആണ്.

വേദിക് സയൻസ് അദ്ദേഹത്തിന്റെ ഇഷ്ടവിഷയമായിരുന്നു പ്രപഞ്ചസൃഷ്ടി മുതൽ ആധുനിക കാലഘട്ടത്തിലെ കണ്ടുപിടുത്തങ്ങൾ വരെ വേദശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം വിശദീകരിച്ചിട്ടുണ്ട് അനേകം വേദമന്ത്രങ്ങൾക്ക് ശാസ്ത്രീയമായ വ്യാഖ്യാനവും അദ്ദേഹം നൽകിയിട്ടുണ്ട്. ജീവിതം പൂർണമായും വേദപഠനത്തിനും പാഠനത്തിനും മാത്രമായി സമർപ്പിച്ച മഹാമനീഷിയായിരുന്നു അദ്ദേഹം.

ഗുരു ഉപേന്ദ്ര സ്മാരക വേദവിദ്യാ പ്രതിഷ്ഠാൻ എ.വി രാധാകൃഷ്ണ വൈദിക് സ്മാരക വേദകീർത്തി പുരസ്കാരം 2022 മുതൽ നൽകിവരുന്നുണ്ട്. ഈ വർഷത്തെ (2023) വേദകീർത്തി പുരസ്കാരം ഈ ലേഖകനാണ് ലഭിച്ചത്. വേദ പ്രചരണത്തിനായി കഠിനാധ്വാനം ചെയ്ത ആ മനീഷിയുടെ സ്മരണയ്ക്ക് മുമ്പിൽ ബാഷ്പാഞ്ജലി അർപ്പിക്കുന്നു. അതോടൊപ്പം രാധാകൃഷ്ണ വൈദിക്ജിയെ കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ച് രാധാകൃഷ്ണ വൈദിക് മിഷൻ കാര്യദർശി ശ്രീ. പ്രേംകുമാറിനോടും കടപ്പാട് വ്യക്തമാക്കുന്നു.

(തുടരും)

പത്രാധിപർ

ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)

മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## 4. വേദവിഷയവിചാരഃ

ഭാഷാർത്ഥം: ഇതിനായി നിരുക്തത്തിന്റെയും പ്രമാണം ഉണ്ട്. അത് എന്തെന്നാൽ വ്യവഹാരത്തിന് ഉപയുക്തമായ ദേവതകളുടെ ഉപാസന ഒരിക്കലും ചെയ്യാൻ പാടില്ല, മറിച്ച് ആ ഒരേയൊരു പരമേശ്വരന്റെ ഉപാസന ചെയ്യുന്നതാണ് ഉചിതമായിട്ടുള്ളത്. ഇക്കാര്യം വേദങ്ങളിൽ അനേകം പ്രകാരത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. ആ ഒരേയൊരു അദ്വിതീയനായ പരമേശ്വരൻ തന്റെ പ്രകാശം, ധാരണം, ഉൽപാദനം എന്നീ ക്രിയകളിലൂടെയാണ് വ്യവഹാരതലത്തിലുള്ള ദേവതകൾ പ്രകാശിക്കപ്പെടുന്നത്. ഇവയുടെ ഉത്പത്തിയും കർമ്മവും ഈശ്വരന്റെ സാമർത്ഥ്യത്താൽ ഉണ്ടാവുന്നതാണ്. അതുപോലെ ഇവയുടെ രഥം അതായത് രമിക്കാനുള്ള സ്ഥാനം, അശ്വം അതായത് വേഗത്തിലുള്ള സുഖപ്രാപ്തിയുടെ കാരണം, ആയുധം അതായത് സർവ്വ ശത്രുക്കളുടെയും നാശത്തിനുള്ള ഹേതു, ഇഷു അതായത് ഏതൊന്നാണോ ബാണത്തിന് സമാനം എല്ലാ ദുഷ്ടഗുണങ്ങളെയും ഛേദിക്കുന്ന ശസ്ത്രം (ഇവിടെ "അസ്ത്രം" എന്ന പാഠമാണ് യുക്തമായത്. ഏതൊന്ന് എറിഞ്ഞുകൊണ്ടാണോ ശത്രുക്കളെ വധിക്കുന്നത്. അത് "അസ്ത്രം" എന്ന് അറിയപ്പെടുന്നു. അതുപോലെ ഏതൊന്നു കൈകളിലേന്തി ശത്രുക്കളെ വധിക്കുന്നുവോ അത് "ശസ്ത്രം" എന്നറിയപ്പെടുന്നു.) ആവുന്നത് അതെല്ലാം ഒരേ ഒരു പരമേശ്വരൻ തന്നെയാണ്. എന്തെന്നാൽ പരമേശ്വരൻ ഏതെല്ലാം ദ്രവ്യങ്ങളിൽ എത്രത്തോളം ദിവ്യഗുണം നിറച്ചിട്ടുണ്ടോ അത്രത്തോളം ദേവത്വം മാത്രമാണ് അവയിൽ ഉള്ളത്. അധികമായി ഒന്നും തന്നെയില്ല. ഇതിൽ നിന്നും സിദ്ധമാകുന്നത് എന്തെന്നാൽ കേവലം പരമേശ്വരൻ മാത്രമാണ് ഇവയുടെയെല്ലാം ഉൽപാദനം, ധാരണം, മുക്തി എന്നിവയുടെ ദാതാവ്.

അത്രാന്യദപി പ്രമാണമ്-
"യേ ത്രിംശതി ത്രയസ്പരോ ദേവാസോ ബർഹിരാസദൻ ।
വിദന്നഹ ദ്വിതാസനൻ" ॥1॥
[ഋ, അ-6, അ-2, വ-35, മ- 1 (ഋ, മ-8, സൂ-28, മ-1)]

(തുടരും)

*വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)*
*വിപ്രൻ സത്യവ്രതനും അമരനുമാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ

തർജ്ജമ : കെ.എം. രാജൻ മീമാംസക്

## അധ്യായം : 1 മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)

1. എപ്രകാരമാണോ മനുവിന്റെ നാമപൂർവ്വമുള്ള ശ്ലോകങ്ങളെ പാരമ്പരികമായ ജനശ്രുതിക്ക് സമാനം പ്രമാണമായി മാനിച്ച് മനുസ്മൃതിയുടെ കർത്താവായി സ്വായംഭുവ മനുവിനെ കണക്കാക്കുന്നത് അപ്രകാരം ഭൃഗുവിന്റെ നാമപൂർവ്വമുള്ള ശ്ലോകങ്ങളേയും എന്തുകൊണ്ട് അംഗീകരിക്കുന്നില്ല എന്ന് ഏതാനും ആളുകൾ ചോദിക്കാൻ ഇടയുണ്ട്.

ഇതിന്റെ സ്പഷ്ടമായ ഉത്തരമെന്തെന്നാൽ ഭൃഗുവിന്റെ നാമപൂർവ്വമുള്ള ശ്ലോകങ്ങൾക്ക് മനുസ്മൃതിയിൽ യാതൊരു പ്രസക്തിയുമില്ല. അവയെല്ലാം നിർബന്ധപൂർവ്വം പ്രസംഗവിരുദ്ധമായി ചേർത്തിരിക്കുന്നതായാണ് പ്രതീതമാവുന്നത്. ഭൃഗു മനുസ്മൃതിയുടെ പ്രവചനം നടത്തിയിട്ടുണ്ടെന്നുള്ള കാര്യം മാനിക്കുന്നതിൽ അനുചിതമൊന്നുമില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രവചനത്തെ ആധാരമാക്കി ആ പ്രവചനത്തിന് ശേഷമാണ് മൂലമനുസ്മൃതിയുടെ സങ്കലനം നടന്നത് എന്ന കാര്യം തീർത്തും നിരാധാരമായതാണ്. ഒരു പക്ഷെ പ്രവചനങ്ങളെ ആദ്യമായി സംഗ്രഹിച്ചതും ഭൃഗുവായിരിക്കാം. എന്തെന്നാൽ ഭൃഗു മനുവിന്റെ സമകാലീനനായിരുന്നു. എന്നാൽ മൗലിക സംഗ്രഹണത്തിൽ ഭൃഗുവിന്റെ നാമത്തിന്റെ യാതൊരു സംബന്ധതയുമില്ല. വിശേഷമായ മറ്റൊരു കാര്യമെന്തന്നാൽ ഭൃഗുവിന്റെ നാമപൂർവ്വമുള്ള ശ്ലോകങ്ങളിലും മനുസ്മൃതിയുടെ മൂലപ്രവക്താവായി മനുവിനെ തന്നെയാണ് മാനിക്കുന്നത്.

2. ഒരു പക്ഷെ ഭൃഗുവിന്റേതായ മറ്റൊരു സംഹിത ഉണ്ടായിരുന്നേക്കാം. എന്നാൽ ഇന്ന് അത് ലഭ്യമല്ല. മഹാഭാരതത്തിന്റെ ശാന്തിപർവ്വത്തിലെ 57.51 ൽ

*(ശേഷം പേജ് 15 ൽ)*

ഈശാവാസ്യമിദം സർവ്വം (യജു.40.1)
ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.



(മുൻലക്കത്തിന്റെ തുടർച്ച)

# സന്ധ്യോപാസന എന്തുകൊണ്ട്? എങ്ങനെ?

പണ്ഡിറ്റ് ഗംഗാപ്രസാദ് ഉപാധ്യായ
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## അദ്ധ്യായം: 3
## വിനിയോഗം തുടർച്ച....

**ആചമനം, ഇന്ദ്രിയ സ്പർശം, മാർജനം എന്നിവയിലെ മന്ത്രങ്ങളിൽ "യഥാർത്ഥ വിനിയോഗം" അല്ല കാണുന്നത് മറിച്ച് "സദ്ഭാവനാ വിനിയോഗം " ആണ്.**

**3. ധൂർത്ത വിനിയോഗം :** വിനിയോഗത്തിന്റെ മറ്റൊരു പ്രകാരമാണിത്. ഈ വിനിയോഗം എല്ലാ തരത്തിലും നിന്ദനീയവും ത്യാജ്യവുമാണ്. ഞാൻ ഇതിനെ "ധൂർത്ത വിനിയോഗം" എന്നാണ് വിളിക്കുന്നത്. ഉദാഹരണമായി ഏതെങ്കിലും വേദമന്ത്രം ചൊല്ലി ദേവതക്കു മുമ്പിൽ മൃഗത്തെ വധിച്ച് ബലി അർപ്പിക്കുക. അഥവാ "ശന്നോ ദേവി....." എന്ന മന്ത്രം ചൊല്ലി ശനിശ്ചര ഗ്രഹത്തിന്റെ ഉപശമനത്തിനായി എന്തെങ്കിലും കൃത്യം നടത്തുക.

ഏതെല്ലാം യജ്ഞങ്ങളിലാണോ പശുഹിംസ ഉണ്ടായിരുന്നത്, അവയിൽ ഉച്ചരിക്കപ്പെടുന്ന മന്ത്രങ്ങളെല്ലാം "ധൂർത്ത വിനിയോഗ"ത്തിന്റെ ശ്രേണിയിൽ വരുന്നു. ഒരാളുടേയും ഉച്ചാരണത്തെ മന്ത്രം വിലക്കുന്നില്ല. മോഷണ സമയത്തും ഒരു നല്ല മന്ത്രം ഉച്ചരിക്കാൻ സാധിക്കുന്നതാണ്. ഗായത്രി ഉച്ചരിച്ചുകൊണ്ട് അതിനികൃഷ്ടമായ കാര്യവും ചെയ്യാം. ഗായത്രി മന്ത്രം നിങ്ങളുടെ നാവിനെ തടയുന്നതല്ല. മധ്യകാലീന യജ്ഞങ്ങളെ സംബന്ധിച്ച പുസ്തകങ്ങളും ഇപ്രകാരമുള്ള വിനിയോഗങ്ങളാൽ പരിപൂർണമാണ്. ആടുകളേയും, പശുക്കളേയും വധിച്ച് ദേവതകൾക്ക് സമർപ്പിക്കുന്ന സമയത്ത് അനേകം മന്ത്രങ്ങളെ ഉച്ചരിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. സാധാരണ ജനങ്ങൾ ഈ വേദമന്ത്രങ്ങളിൽ ഒരു പക്ഷെ മൃഗവധത്തിനുള്ള ആജ്ഞയുണ്ടായിരിക്കുമെന്ന് തെറ്റിദ്ധരിച്ചു. ഇത് വളരെ വലിയ ദോഷമായിരുന്നു. മഹീധരാദിവേദഭാഷ്യകാരന്മാരും ഈ വിനിയോഗങ്ങളെ ആധാരമാക്കിയാണ് മന്ത്രങ്ങൾക്ക് ഭാഷ്യം എഴുതിയത്. മന്ത്രങ്ങൾ വിനിയോഗമാകുന്ന ശകടത്തിന്റെ ചക്രങ്ങൾ പുറകെ ബന്ധിക്കപ്പെട്ടു. **എന്നാൽ യഥാർത്ഥത്തിൽ വിനിയോഗം മന്ത്രങ്ങളുടെ അർത്ഥങ്ങൾക്ക് അനുകൂലമായാണ് വേണ്ടിയിരുന്നത്.**

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ മീമാംസക്

അശോച്യത്വം കുതസ്തസ്യ,
യസ്യാ ഭർത്താ യുധിഷ്ഠിരഃ ।
ജാനൻ സർവ്വാണി ദുഃഖാനി,
കിം മാം ത്വം പരിപൃച്ഛസി ॥
(മഹാഭാരതം, വിരാടപർവ്വം, അധ്യായം - 18, ശ്ലോകം -1)

ദ്രൗപദി പറയാൻ തുടങ്ങി-

**ഭാവാർത്ഥം** : "ഏതൊരു സ്ത്രീയുടെ പതിയാണോ യുധിഷ്ഠിര രാജാവുകുന്നത് ആ സ്ത്രീക്ക് ശോകമുണ്ടാവാതിരിക്കാൻ സാധ്യതയുണ്ടോ? അല്ലയോ ഭീമസേനാ! നിങ്ങൾ എന്റെ സകല ദുഃഖങ്ങളും അറിഞ്ഞിട്ടും എന്നോട് എന്തിനാണത് ചോദിക്കുന്നത്."

ഇവിടെ ഇതേ പർവ്വത്തിൽ ദ്രൗപദി തന്റെ സകല ദുഃഖങ്ങളും, കഷ്ടതകളും ഭീമസേനന് മുമ്പിൽ അവതരിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തെ കൂടുതൽ മനസ്സിലാക്കണമെങ്കിൽ മഹാഭാരതത്തിലെ പതിനെട്ടാം അധ്യായം പരിശോധിക്കാവുന്നതാണ്.

ഇതിൽ നിന്നും സ്പഷ്ടമാവുന്നതെന്തന്നാൽ -
ദ്രൗപദി തന്റെ പതിയായി യുധിഷ്ഠിരനെയാണ് പറയുന്നത്.

**അഞ്ചാമത്തെ പ്രമാണം-**

ഭീമസേനൻ ആ ദുഷ്ടാത്മാവും ദ്രൗപദിയെ ദുരാചാരഭാവനയോടെ ഉപദ്രവിച്ചവനുമായ കീചകനെ വധിച്ചു. കീചകനെ വധിച്ച ഭീമസേനൻ ഒരുപാട് പ്രസന്നത അനുഭവിച്ചുകൊണ്ട് പറഞ്ഞു.

**അദ്യാഹാമനൃണോ ഭൂത്വാ ഭ്രാതുർഭാര്യാപപാഹിണമ് ।**

**ശാന്തി ലബ്ധാസ്മി പരമാം ഹത്വാ സൈരന്ധ്രീകണ്ടകമ് ॥**

(മഹാഭാരതം, വിരാടപർവ്വം, അധ്യായം - 22, ശ്ലോകം 79)

(ശേഷം പേജ് 14 ൽ)

യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)
ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അധ്യായം - 8 (തുടർച്ച.....)

"അവിടത്തെ പ്രധാനാധ്യാപകൻ ശ്രീമദ് വേദാനന്ദ മഹാരാജിനെ കണ്ട് കാര്യങ്ങൾ ധരിപ്പിച്ച് അവിടുന്ന് തന്നെ ഭക്ഷണവും കഴിച്ചു പോരാം, എന്താ?.. " പരമേശ്വരൻ പിള്ളയെന്ന ആ വാനപ്രസ്ഥൻ എഴുന്നേറ്റു.

അദ്ദേഹം മുന്നിലും പാച്ചൻ പിന്നിലുമായി ഗുരുകുലത്തിലെത്തി. ശ്രീമദ് സ്വാമി വേദാനന്ദമഹാരാജിന്റെ കാര്യാലയത്തിലേക്ക് അനുവാദം വാങ്ങി പ്രവേശിച്ചു. കാറ്റും വെളിച്ചവും ഉള്ളതും, വിശാലവും ആർഭാടരഹിതവും സ്വച്ഛവുമായ മുറി. തന്റെ കിടക്കയിൽ ഒരു മേശപ്പെട്ടി വെച്ച് അതിന് അഭിമുഖമായി സിദ്ധാസനത്തിൽ നട്ടെല്ല് വളയാതെ സുതാര്യമായിരുന്നു ഏതോ വിലപ്പെട്ട ഗ്രന്ഥം മറിച്ചു നോക്കുകയാണദ്ദേഹം. ആഗതരെ കണ്ടപ്പോൾ ഗ്രന്ഥം മടക്കിവെച്ച് കൈകൂപ്പി 'നമസ്തേ' എന്ന് അഭിവാദ്യ വാചകം ചൊല്ലി. മുന്നിൽ വിരിച്ച കനത്ത വിരിയിലിരിക്കാൻ ആംഗ്യം കാണിച്ചു. ആഗതർ നമസ്കരിച്ച് കാൽ തൊട്ട് വന്ദിച്ച് ആ വിരിയിൽ ഇരുന്നു. പാച്ചനെ ആദ്യം കാണുകയാണ് സ്വാമിജി. സൂക്ഷിച്ചുനോക്കി പാച്ചന്റെ നേരെ വിരൽ ചൂണ്ടിക്കൊണ്ട് ആരെന്ന മുദ്ര സ്വാമിജി പരമേശ്വരൻ പിള്ളയുടെ നേരെ കാണിച്ചു.

"ഇദ്ദേഹം ബോംബെയിലെ ആര്യസമാജത്തിന്റെ ഉപദേശപ്രകാരം ഇവിടെ ചേർന്ന് വൈദിക ദർശനങ്ങളും ശാസ്ത്രങ്ങളും പഠിക്കാൻ ആഗ്രഹിച്ചു വന്നതാണ്. അങ്ങയുടെ അനുഗ്രഹം ഉണ്ടാവാൻ പ്രാർത്ഥിക്കുന്നു." പരമേശ്വരൻ പിള്ള ബോംബെ ആര്യസമാജം ഔദ്യോഗികമായി കൊടുത്തയച്ച കത്ത് സ്വാമിജിക്ക് കൊടുക്കാൻ ആംഗ്യം കാട്ടി. പാച്ചൻ ആ കത്ത് സ്വാമിജിക്ക് കൈമാറി. അദ്ദേഹം അത് വായിച്ചുനോക്കി "സംസ്കൃതം അറിയാമോ? വിഭക്ത്യർത്ഥത്തോളമെങ്കിലും?" എന്നുചോദിച്ചു.

(തുടരും)

**യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)**

**ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു**

(മുൻലക്കത്തിന്റെ തുടർച്ച)

# എന്തുകൊണ്ടാണ് ഞാൻ ക്രിസ്തുമതം ഉപേക്ഷിച്ചത്?

ബ്രഹ്മചാരി അരുൺകുമാർ ആര്യവീർ
തർജ്ജമ : കെ.എം. രാജൻ മീമാംസക്

**യേശുവിൽ** വിശ്വസിക്കാത്തവർ പാപികളാണ്. അവർ നരകത്തീയിൽ കത്തിക്കൊണ്ടിരിക്കും. പാതിരിമാർ ഈ ഉപദേശങ്ങൾ നമ്മുടെ നാട്ടുകാരോട് വിവരിക്കുന്നു. അവരുടെ സ്വാധീനത്താൽ നിരപരാധികളായ മനസ്സുകൾ വഴിതെറ്റുകയും അവരുടെ പൂർവികരുടെ മഹത്തായ വൈദിക മതം ഉപേക്ഷിക്കുകയും ചെയ്യുന്നു. അവർ വൈദേശിക മതം സ്വീകരിക്കുന്നു. വേദങ്ങളും ശാസ്ത്രങ്ങളും ദർശനങ്ങളും ഉപേക്ഷിച്ച് വിദേശികളെ പിന്തുടരുന്നു. ശ്രീരാമന്റെയും ശ്രീകൃഷ്ണന്റേയും മര്യാദാപുരുഷോത്തമൻ, യോഗേശ്വരൻ എന്നീ വ്യക്തിത്വങ്ങൾ ഉപേക്ഷിച്ച് അവർ കുമാർഗ്ഗത്തെ അഭയം പ്രാപിക്കുന്നു. ബുദ്ധിയുള്ളവർ അവരുടെ കെണിയിൽ വീഴാതെ മറിച്ചുള്ള യുക്തി ഉപയോഗിച്ച് ക്രിസ്ത്യൻ പുരോഹിതരെ നിശബ്ദരാക്കുന്നു. കാരണം ക്രിസ്തുമതം സ്വീകരിക്കാനുതകുന്ന യാതൊരു വിശേഷതകളും ആ മതത്തിലില്ലായെന്ന് അവർക്കറിയാം.

നിങ്ങൾ ചിന്തിക്കുക! ദൈവം നമ്മുടെ എല്ലാവരുടെയും പിതാവാണ്. നാമെല്ലാവരും അദ്ദേഹത്തിന്റെ മക്കളുമാണ്. ഒരേ ഒരു മകനല്ല കോടിക്കണക്കിന് പുത്രന്മാരുണ്ട്. ലോകമെമ്പാടുമുള്ള ആണും പെണ്ണുമായ എല്ലാ മനുഷ്യരും അദ്ദേഹത്തിന്റെ മക്കളാണ്. അദ്ദേഹം എല്ലാത്തിനേയും സൃഷ്ടിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹം യേശുവിനെ സൃഷ്ടിച്ചു. മറ്റുള്ളവരെയും സൃഷ്ടിച്ചു. അപ്പോൾ യേശു അദ്ദേഹത്തിന്റെ ഏക പുത്രനായിരുന്നു എന്ന് പറയുന്നത് തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനയാണ്. സൃഷ്ടിയുടെ തുടക്കം മുതൽ ഇന്നുവരെ ലക്ഷക്കണക്കിന് മഹാപുരുഷന്മാർ,

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)
ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും


സന്തുമാർ, മഹാത്മാക്കൾ, പരോപകാരികൾ, ദയാലുക്കൾ, ദാനികൾ ഋഷിമാർ, മുനിമാർ തുടങ്ങിയവർ ഉൽപന്നമായിട്ടുണ്ട്. അവരെല്ലാം ദൈവപുത്രന്മാരായിരുന്നു. അവർ ദൈവത്തെ ആരാധിച്ചിരുന്നു. തന്റെ ജീവിതകാലത്ത് അവർ മഹത്തായതും പുണ്യകരവുമായ നിരവധി പ്രവൃത്തികൾ ചെയ്തു. അവരെ ആരും ദൈവത്തിന്റെ ഏക പുത്രനെന്ന് വിളിച്ചിട്ടില്ല. പിന്നെ എന്ത് അടിസ്ഥാനത്തിലാണ് യേശുവിനെ ദൈവത്തിന്റെ ഏക പുത്രനായി കണക്കാക്കേണ്ടത്?

കന്യാമറിയത്തിന്റെ ഗർഭപാത്രത്തിൽ നിന്ന് യേശുവിന്റെ ജനനം മറ്റൊരു മിഥ്യയാണ്. ബുദ്ധിയുള്ള ഒരു മനുഷ്യനും ഇത് അംഗീകരിക്കാൻ കഴിയില്ല. പിതാവുമായി യാതൊരു ബന്ധവുമില്ലാത്ത അമ്മയുടെ ഉദരത്തിൽ നിന്ന് മാത്രം ലോകത്ത് ഒരു മനുഷ്യൻ ജനിച്ചതിന് സമാനമായ മറ്റൊരു ഉദാഹരണം നിങ്ങൾക്കറിയാമോ? ഇത് സൃഷ്ടിയുടെ നിയമത്തിന് തികച്ചും വിരുദ്ധമാണ്. സൃഷ്ടിയുടെ ആരംഭം മുതൽ അവസാനം വരെ ഈ നിയമം അതേപടി നിലനിൽക്കും. ഒരു തെറ്റും ഇല്ലാത്ത ദൈവിക നിയമമാണിത്. മേരിയുടേയും ജോസഫിന്റെയും ബന്ധത്തിൽ ജനിച്ച കുഞ്ഞിനെ മഹത്വവൽക്കരിക്കാനായി എന്തെല്ലാം സാങ്കൽപ്പിക കഥകളാണ് പ്രചരിപ്പിക്കുന്നത് എന്ന് നോക്കിയാലും! ഇത് നിരപരാധികളെ തെറ്റിധരിപ്പിക്കുവാനല്ലെങ്കിൽ പിന്നെ എന്തിനാണ്?

പാപങ്ങളെ കുറിച്ചുള്ള ക്രിസ്തുമതത്തിന്റെ വിശ്വാസം വിചിത്രമാണ്. അവരുടെ അഭിപ്രായത്തിൽ എല്ലാവരും പാപികളാണ്. കാരണം ആദം പാപം ചെയ്തു. അവൻ ചെയ്ത പാപം തലമുറതലമുറയായി ലോക ജനതക്ക് പരമ്പരയായി അവകാശപ്പെട്ടുകൊണ്ടിരിക്കുന്നു. ഇനി ആരുടെയെങ്കിലും പൂർവ്വികർ ഒരു കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവരുടെ ഭാവിതലമുറയും ആ തെറ്റിന് ഉത്തരവാദികളാകുമോ? ഇല്ല. അപ്പോൾ ആദം ചെയ്ത തെറ്റിന് മനുഷ്യരാശിയെ മുഴുവൻ കുറ്റക്കാരായി കണക്കാക്കുന്ന ചിന്താഗതി ശരിയാണോ? അതുപോലെ യേശുക്രിസ്തുവിന്റെ കുരിശ് മരണത്താൽ ആളുകളുടെ പാപങ്ങൾ എങ്ങനെ മോചിപ്പിക്കപ്പെടും? (തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# വേദങ്ങൾ തന്നെയാണ് ഈശ്വരീയ ജ്ഞാനം

ശിവശങ്കർ ശർമ്മ കാവ്യതീർത്ഥ്
തർജ്ജമ : കെ. എം. രാജൻ മീമാംസക്

## ഈശ്വരീയ ഗ്രന്ഥം ഏത്? (തുടർച്ച.....)

**മ**നുഷ്യന്റെ ജന്മവുമായി ബന്ധപ്പെട്ട വിഷയത്തിൽ പറയാൻ കഴിയുന്നതെന്തെന്നാൽ എങ്ങനെയാണോ മറ്റുള്ള ജീവജാലങ്ങളുടെ ആവിർഭാവം ഈ പൃഥിവിയിൽ ഉണ്ടായത് അതേ നിയമമനുസരിച്ച് തന്നെയാണ് മനുഷ്യസൃഷ്ടിയിൽ നടന്നത്. മനുഷ്യസൃഷ്ടിയുടെ വിലക്ഷണമായ വർണ്ണനയൊന്നും വേദങ്ങളിൽ ഇല്ല. ഇനി മനുഷ്യൻ മണ്ണു കൊണ്ടാണ് ഉണ്ടാക്കപ്പെടുന്നത് എങ്കിൽ മറ്റുള്ള ജീവജാലങ്ങൾ എന്തുകൊണ്ടാണ് നിർമ്മിക്കപ്പെട്ടത്? ഓരോ ജീവിയെയും സൃഷ്ടിക്കാൻ ഭിന്ന ഭിന്നമായ സാമഗ്രികളാണോ ഉണ്ടായിരുന്നത്? ഇപ്രകാരം ആവാൻ തരമില്ല. അതുപോലെ മണ്ണ് കൊണ്ടാണ് മനുഷ്യൻ നിർമ്മിക്കപ്പെട്ടത് എന്നതിന്റെ ആശയം ആത്മാവും മണ്ണ് കൊണ്ട് നിർമ്മിച്ചതാണ് എന്നതായാൽ മരണത്തോടൊപ്പം ആത്മാവും നശിക്കും എന്ന ദോഷം അതിൽ ഉണ്ടാകും. അങ്ങനെയായാൽ സ്വർഗ്ഗവും നരകവും ആർക്കും ലഭിക്കുന്നതല്ല. ഈ കാരണത്താൽ വേദങ്ങളിൽ മനുഷ്യ ശരീരത്തിന്റെ നിർമാണത്തെ കുറിച്ചുള്ള വിശേഷമായ വർണ്ണനയില്ല. ആധുനിക വിജ്ഞാനത്തിന്റെ സിദ്ധാന്തത്താലും ഇതുതന്നെയാണ് സിദ്ധമാവുന്നത്. ആത്മാവിന്റെ അനാദിത്വം ഇനി വരുന്ന പ്രകരണത്തിൽ ഞാൻ സിദ്ധമാക്കുന്നതാണ്.

മുക്തിയുടെ വിഷയത്തിൽ പറയാനുള്ളത് എന്തെന്നാൽ ഏതുവരെ പ്രകൃതിയുടെയും, ഈശ്വരന്റേയും സമ്പൂർണ്ണ ജ്ഞാനം ഉണ്ടാവുന്നില്ലയോ അതുപോലെ, ഈശ്വരാജ്ഞയിൽ ചലിക്കുന്നില്ലയോ അതുവരെ വ്യക്തി ദുഃഖത്തിൽ നിന്ന് മുക്തനാവുന്നതല്ല. അജ്ഞാനം തന്നെയാണ് ദുഃഖത്തിന്റെ മൂലം. അതുകൊണ്ട് വേദത്തിൽ ഇങ്ങനെ പറയുന്നത്-

**"വേദാഹമേതം പുരുഷം മഹാന്തമാദിത്യവർണ്ണമ്"**

(തുടരും)

തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)
ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദയാനന്ദ ദൃഷ്ടാന്ത സംഗ്രഹം

സത്യാനന്ദ് 'വേദവാഗീശ്'

തർജ്ജമ : ബ്രഹ്മചാരി ശാസ്ത്യശർമ്മൻ

## ജാതകങ്ങളാലും ഗ്രഹദോഷങ്ങളാലും ജ്യോതിഷികൾ ചെയ്യുന്ന അന്യായങ്ങൾ (തുടർച്ച...)

നിങ്ങളുടെ എല്ലാം സ്വഗേഹത്തിൽ തന്നെ ഇത് സംഭവിക്കുന്നില്ലേ? ഇപ്രകാരത്തിലുള്ള ചോദ്യങ്ങൾ ഉന്നയിക്കുകയാണെങ്കിൽ ധൂർത്തൻമാർക്ക് ഒന്നും പറയാൻ സാധിക്കുകയില്ല. പിന്നീട് നമ്മുടെ പരിപ്പ് ഇവിടെ വേവില്ലെന്ന് അവർ മനസ്സിലാക്കുന്നു..... ആരൊക്കെയാണോ മേൽപ്പറഞ്ഞ ശ്രേണിയിലുള്ള ഉച്ചാടനം മോഹനം, മാരണം, വശീകരണം എന്നീ കർമ്മങ്ങൾ ചെയ്യാൻ പറയുന്നത് അവർ മഹാകപടന്മാർ ആണെന്ന് മനസ്സിലാക്കണം.

ഇപ്രകാരത്തിലുള്ള എല്ലാ മിഥ്യാചരണങ്ങളിൽ നിന്നും മാറി നിൽക്കാൻ വേണ്ടി ബാല്യാവസ്ഥ മുതൽ തന്നെ ഉപദേശാദികൾ നൽകേണ്ടതാണ്. ഉപദേശം മുതലായവയാൽ അവരെ സമ്പുഷ്ട രാക്കിയില്ലെങ്കിൽ അവർ കള്ളൻമാരുടെയും ധൂർത്തന്മാരുടെയും കെണികളിൽ പെട്ട് മഹാദുഃഖത്തെ അനുഭവിക്കുന്നതാണ്.

### ആരാണോ കർമ്മം ചെയ്യുന്നത് അയാൾ തന്നെ അതിന്റെ ഫലത്തെയും ഭോഗിക്കുന്നു

**പ്രശ്നം:** ജീവാത്മാവിന് പരമാത്മാവ് ശക്തിയും സാമർത്ഥ്യവും നൽകിയിട്ടില്ലെങ്കിൽ ജീവാത്മാവ് നിഷ്കർമനാവുന്നു. അതുകൊണ്ട് പരമാത്മാവിന്റെ പ്രേരണയാലാണ് ജീവാത്മാവ് കർമ്മം ചെയ്യുന്നത്.

**ഉത്തരം:** ആത്മാവ് അനാദിയാണ്. എപ്രകാരമാണോ ഈശ്വരന്റെയും ജഗത്തിന്റെയും ഉപാദാന കാരണം നിത്യമാകുന്നത്, അതുപോലെതന്നെ ആത്മാവ് ഉൽപന്നമാകുന്നില്ല. ശരീരാവയവങ്ങളും സ്ഥൂലേന്ദ്രിയങ്ങളും ഈശ്വരനാൽ ഉണ്ടാക്കപ്പെടുന്നതാണ്. പക്ഷേ ഈ അവയവങ്ങൾ എല്ലാം ജീവാത്മാവിന്റെ അധീനയതയിലാണ്. മനസാ - വാചാ - കർമണാ ആരാണോ പാപ - പുണ്യങ്ങൾ ചെയ്യുന്നത് അയാൾ തന്നെ അതിന്റെ, ആ കർമ്മത്തിന്റെ ഭോക്താവാകുന്നു. അല്ലാതെ ശരീര ദാതാവും സാമർത്ഥ്യദാതാവുമായ ഈശ്വരൻ ഈ കർമ്മങ്ങളുടെ ഫലഭോക്താവാവില്ല.

(തുടരും)

**ധർമ്മം ചര (തൈ. ഉ. 1.11.1)**
**ധർമ്മാചരണം ചെയ്യൂ !**

(പേജ് 8 ന്റെ തുടർച്ച...........)

ഭാവാർത്ഥം : ആരാണോ സൈരന്ധ്രിയുടെ അതായത് ദ്രൗപദിയുടെ മാർഗ്ഗത്തിലെ കണ്ടകം (മുള്ള്) ആയിരുന്നത് അതുപോലെ ആരാണോ എന്റെ സഹോദരന്റെ പത്നിയെ അപഹരിക്കാനായി ശ്രമിച്ചത് ആ ദുഷ്ടനായ കീചകനെ വധിച്ച് ഞാൻ എന്റെ കടം വീട്ടിയിരിക്കുകയാണ്. ഇതിലൂടെ എനിക്ക് വളരെയധികം ശാന്തി ലഭിക്കുന്നു.

ഇവിടെയും ഭീമസേനൻ തന്റെ പത്നി എന്നല്ല, സഹോദരന്റെ പത്നി എന്നാണ് പറയുന്നത്. "സഹോദരന്റെ പത്നിയെ അപഹരിക്കാനായി" എന്ന വാക്യം പറഞ്ഞ് അഥവാ ചിന്തിച്ച് ഭീമസേനൻ മഹാരാജാവ് വിരാടിന്റെ പത്നീ സഹോദരനായ കീചകനെ വധിച്ചു. ഇതിൽ നിന്ന് സ്പഷ്ടമാവുന്നതെന്തെന്നാൽ ദ്രൗപദി യുധിഷ്ഠിരന്റെ തന്നെ പത്നിയായിരുന്നു എന്നതാണ്.

**ആറാമത്തെ പ്രമാണം:-**

ദ്രൗപദി അർജ്ജുനന്റെ പത്നിയായിരുന്നുവെങ്കിൽ യുധിഷ്ഠിരൻ ചൂതുകളിയിൽ ദ്രൗപദിയെ എങ്ങനെ പന്തയമായി വെയ്ക്കും.? ഇനി ദ്രൗപദി അഞ്ച് പേരുടേയും പത്നിയായിരുന്നുവെങ്കിലും മറ്റുള്ളവരുടെ അനുവാദം വാങ്ങാതെ ദ്രൗപദിയെ പന്തയമായി വെയ്ക്കാൻ കഴിയുമായിരുന്നില്ല.

യുധിഷ്ഠിരന് സ്വന്തം പത്നിയിൽ മാത്രമാണ് ഇത്രയും അധികാരം ഉണ്ടാവാൻ തരമുള്ളൂ. അന്യന്റെയോ അഥവാ സാമൂഹികമായ പത്നിയിലോ അത് സാധ്യമല്ല.

**ഏഴാമത്തെ പ്രമാണം:-**

എപ്പോഴാണോ യുധിഷ്ഠിരൻ ചൂത് കളിച്ചത് ആ സമയത്ത് എല്ലാവരുടെയും സ്വന്തം പത്നിമാർ അവിടെ ഉണ്ടായിരുന്നു. യുധിഷ്ഠിരന്റെ പത്നി- ദേവികയായിരുന്നു. ദ്രൗപദി എല്ലാവരുടെയും പത്നിയോ അഥവാ അർജ്ജുനന്റെ പത്നിയോ ആയിരുന്നുവെങ്കിൽ യുധിഷ്ഠിരൻ സ്വന്തം പത്നിയെ പന്തയം വെയ്ക്കാതെ അർജ്ജുനന്റെ പത്നിയെ എങ്ങനെയാണ് പന്തയം വെയ്ക്കുന്നത്?

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

(പേജ് 6 ന്റെ തുടർച്ച.................)

വരുന്ന താഴെ നൽകുന്ന ശ്ലോകത്തിൽ ഭൃഗുവിന്റെ നാമം ഉദ്ധരിച്ചിട്ടുണ്ട്.

**രാജാനം പ്രഥമം വിന്ദേത് തതോ ഭാര്യാം തതോ ധനമ് I**

**രാജന്യസതി ലോകസ്യ കുതോ ഭാര്യാ കുതോ ധനമ് II**

ഈ ശ്ലോകം ഇന്ന് ഉപലഭ്യമായ മനുസ്മൃതിയിലില്ല. അതുപോലെ തന്നെ വിശ്വരൂപൻ യാജ്ഞവല്ക്യസ്മൃതിഭാഷ്യം 1.187, 252 ൽ ഭൃഗുവിന്റെ നാമത്താൽ ഉദ്ധരിച്ച ശ്ലോകങ്ങളും മനുസ്മൃതിയിലില്ല. അപരാർകൻ ഭൃഗുവിന്റെ നാമത്തിൽ താഴെ നൽകുന്ന ശ്ലോകം ഉദ്ധരിച്ചിട്ടുണ്ട്. ഇതിൽ മനുവിന്റെയും നാമമുണ്ട്.

**യേഷു പാപേഷു ദിവ്യാനി പ്രതിശുദ്ധാനി യത്നതഃ I**

**കാരയേത് സജ്ജനൈസ്താനി നാഭിശസ്തം ത്യജേൻ മനുഃ II**

**(യാജ്ഞവല്ക്യസ്മൃതി - 2.96)**

3. വർത്തമാന കാലത്തിലെ മനുസ്മൃതി ഭൃഗുസംഹിത ആയിരുന്നുവെങ്കിൽ ഇതിന്റെ ആരംഭം മനുവിന് സമീപം എത്തിച്ചേരുന്ന ഘടനയിൽ നിന്ന് ഭിന്നമായി ഭൃഗുവിന് സമീപം എത്തിച്ചേരുന്നതായി പറയുന്ന ഘടനയിൽ നിന്നോ അഥവാ അദ്ദേഹത്തോട് ചോദിക്കുന്ന ജിജ്ഞാസകളിൽ നിന്നോ ആയിരിക്കണം. ഉദാഹരണമായി നാരദൻ, അഗ്നി, വിഷ്ണു, യാജ്ഞവല്ക്യൻ, ബൃഹസ്പതി തുടങ്ങിയവരുടെ സ്മൃതികളിലും ഇങ്ങനെയാണ് കണ്ടുവരുന്നത്.

(അത്രിസ്മൃതിയുടെ ആരംഭം- "ഹുതാഗ്നിഹോത്രമാസീനമത്രിം വേദവിദാം വരമ് - ഇദം വചനമബ്രുവൻ II"

വിഷ്ണുസ്മൃതിയിൽ - "വിഷ്ണുമേകാഗ്രമാസീനം .... പപ്രച്ഛുർമുനയഃ സർവ്വേII"

യാജ്ഞവല്ക്യസ്മൃതിയിൽ- "യോഗീശ്വരം യാജ്ഞവല്ക്യം സംപൂജ്യമുനയോഽബ്രുവൻ II"

ബൃഹസ്പതിസ്മൃതിയിൽ- "രാജാ...... ഭഗവന്തം ഗുരും ശ്രേഷ്ഠം പര്യപൃച്ഛേദ് ബൃഹസ്പതിമ് II")

(തുടരും)

സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)
ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.



(മുൻലക്കത്തിന്റെ തുടർച്ച)

# ത്രൈത സിദ്ധാന്തം എന്ത്? എങ്ങനെ?

കെ.എം.രാജൻ മീമാംസക്

## ഈശ്വരൻ, ജീവാത്മാവ്, പ്രകൃതി - താരതമ്യ പഠനം (തുടർച്ച...)

| ക്രമ നമ്പർ | ഈശ്വരൻ | ജീവാത്മാവ് | പ്രകൃതി |
|---|---|---|---|
| 44 | **അനുപമനാണ്.** ഈശ്വരനെ ഉപമിക്കാനാവുന്ന ഒരു പദാർത്ഥവും ഈ ബ്രഹ്മാണ്ഡത്തിലില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന് സമാനമോ അതിലധികമോ ഉത്തമമായ ഒരു പദാർത്ഥവും ലോകത്തിലില്ല. ഈശ്വരനെ വർണിക്കുന്ന സകല ഉപമകളും ഹീനോപമകളാണെന്ന് മനസ്സിലാക്കണം. | ജീവാത്മാവ് അനുപമനല്ല. എന്തുകൊണ്ടെന്നാൽ അതിനേക്കാളും ശ്രേഷ്ഠമായ ഗുണം, കർമ്മം, സ്വഭാവം എന്നിവയുള്ള പരമാത്മാവ് ലോകത്തിലുണ്ട്. | പ്രകൃതിയും അനുപമമല്ല. |
| 45 | **അപരാജിതനാണ്.** പരമാത്മാവ് ഒരിക്കലും ഒരാളിൽ നിന്നും പരാജയത്തെ പ്രാപിക്കുന്നില്ല. ജ്ഞാനം, ധനം, ബലം, ബുദ്ധി, സാമർത്ഥ്യം എന്നിങ്ങനെ എല്ലാ പ്രകാരത്തിലും സർവ്വദാ അപരാജിതനാണ്. | ജീവാത്മാവ് തന്നേക്കാളും ബലവാനും, ബുദ്ധിമാനും, ജ്ഞാനവാനും, സാമർത്ഥ്യവാനുമായ വ്യക്തികളിൽ നിന്ന് പരാജയം ഏറ്റുവാങ്ങുന്നു. | പ്രകൃതിയിൽ ഇത്തരത്തിലുള്ള ജയ-പരാജയങ്ങൾ ഉണ്ടാവുന്നില്ല. |
| 46 | **അസ്നാവിരനാണ്.** പരമാത്മാവ് ഞരമ്പ്-നാഡികളുടെ ബന്ധനത്തിൽ ഒരിക്കലും വരു | ജീവാത്മാവ് സകാമ കർമ്മങ്ങൾ ചെയ്യുമ്പോൾ ഞരമ്പ് - നാഡീ | പ്രകൃതി ഒരിക്കലും നരമ്പ് - നാഡികളുടെ ബന്ധനത്തിൽ അകപ്പെടുന്നില്ല. |

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു.33.81).

വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.

| | | | |
|---|---|---|---|
| | ന്നില്ല. അതിനാൽ വേദത്തിൽ ഈശ്വരനെ അസ്നാവിരൻ എന്ന് വിശേഷിപ്പിക്കുന്നു. | കളുടെ ബന്ധനത്തിൽ എത്തിച്ചേരുന്നു. | എന്നാൽ ഞരമ്പ് - നാഡികളുടെ നിർമ്മാണം പ്രകൃതികൊണ്ടാണ് ഉണ്ടാവുന്നത്. |
| 47 | മനീഷിയാണ്. പരമാത്മാവ് സമസ്ത ജീവജാലങ്ങളുടേയും മനസ്സിന്റെ സ്വാമിയാണ്. അതുപോലെ സകല മനസ്സുകൾക്കും ശക്തി നൽകുന്നവനാണ്. മാത്രമല്ല. എല്ലാവരുടേയും മാനസിക ക്രിയകളെ ഈശ്വരൻ അറിയുന്നു. | ജീവാത്മാവ് സകലരുടേയും മനസിന്റെ സ്വാമിയില്ല. അതുപോലെ സർവ്വരുടെയും മാനസിക ക്രിയകളെ അറിയുന്നവനുമല്ല. | പ്രകൃതി മൂന്ന് കാലങ്ങളിലും ആരുടെയും മനസിലുള്ള കാര്യങ്ങളെ മനസിലാക്കാൻ സമർത്ഥമല്ല. |
| 48 | പൂർണ ധൈര്യവാനാണ്. പരമാത്മാവ് എല്ലാ പരിസ്ഥിതിയിലും ധൈര്യത്തെ ധാരണം ചെയ്തിരിക്കുന്നു. അദ്ദേഹത്തിനെതിരെയായി ആരെങ്കിലും മിഥ്യാരോപണം ഉന്നയിച്ചാലും അദ്ദേഹം വിചലിതനോ, അധീരനോ ആവുന്നില്ല. ഒരിക്കലും ധൈര്യത്തെ കൈവിടുന്നില്ല. അതിനാൽ വേദമന്ത്രത്തിൽ ഈശ്വരനെ "ധീരഃ" എന്ന് സംബോധന ചെയ്യുന്നു. | പൂർണ്ണ ധൈര്യവാനല്ല. ആരോപണം ഉന്നയിക്കപ്പെടുമ്പോഴോ അഥവാ അപമാനിതനാവുമ്പോഴോ ദുഃഖം, കഷ്ടത, രോഗം എന്നിവ വർധിക്കുമ്പോഴോ അധീരനും വിചലിതനമാവുന്നു. ധൈര്യം കൈവിടുന്നു. | പ്രകൃതിയിൽ ജീവാത്മാവിന് സമാനം അ ധൈര്യത്തിന്റെ സ്ഥിതി ഉണ്ടാവുന്നില്ല. |
| 49 | അദ്വിതീയനാണ്. ഈശ്വരൻ ഒന്ന് മാത്രമാണ്. അതായത് പരമാത്മാവിന് സമാനനോ അഥവാ അതിലുപരിയോ ആയ മറ്റൊരു ഈശ്വരൻ (പരമാത്മാവ്) ഇല്ല. അനേകം ഈശ്വരൻമാർ ഇല്ല. മറിച്ച് ഈശ്വരൻ എന്ന വസ്തു ഒന്നായിക്കൊണ്ട് അനേകം നാമങ്ങളുള്ളതാവുന്നു. | ജീവാത്മാവ് ഒന്നല്ല, മറിച്ച് അനേകമുണ്ട്. | ഇപ്രകാരം പ്രകൃതി സമുദായരൂപേണ ഒന്നാണ്. എന്നാൽ അതിന് അനേകം കണങ്ങളുണ്ട്. |

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !



ബാലപംക്തി

# ഗുണപാഠ കഥകൾ

സമ്പാദകൻ : കെ. കെ. ജയൻ ആര്യ

## ഉറച്ച ഈശ്വര വിശ്വാസം

അന്ന് ശിവരാത്രി ദിനമായിരുന്നു. മൂലശങ്കർ എന്ന ബാലന്റെ വിധി നിർണയിച്ച ദിനം. ശിരസ്സിലൂടെ നിർഭയം നൃത്തം ചെയ്ത എലിയെ ഓടിക്കുവാൻ പോലും കഴിയാതിരുന്ന ശിവ വിഗ്രഹം ഈശ്വരനാണോ എന്ന സംശയം ബാലനായ മൂലശങ്കറിന്റെ മനസ്സിൽ ഉടലെടുത്തു. അവന്റെ സംശയത്തിന് വ്യക്തമായ ഒരു ഉത്തരം നൽകാൻ പിതാവിനൊ മറ്റുള്ളവർക്കൊ കഴിഞ്ഞില്ല. യഥാർത്ഥ ശിവനെ അന്വേഷിച്ച് മൂലശങ്കർ വീടുവിട്ടിറങ്ങി. ജ്ഞാനാർജ്ജനത്തിനായി ശുദ്ധചൈതന്യൻ എന്ന നാമം സ്വീകരിച്ച് ബ്രഹ്മചാരിയായി. നല്ല ഗുരുവിനെ കണ്ടെത്തി ദീക്ഷ സ്വീകരിക്കണം എന്ന് മനസ്സിൽ നിശ്ചയിച്ച് ദേശാടനം ചെയ്തു. യാത്രക്കിടയിൽ ഒരു ദിനം കുറേ ജനങ്ങൾ ആട്ടവും പാട്ടുമായി എതിരെ വരുന്നതുകണ്ടു. ഏറ്റവും പിന്നിലായി വെളുത്ത വസ്ത്രം ധരിച്ച ഒരു സ്ത്രീയുമുണ്ടായിരുന്നു. അവർ ദുഃഖം മറക്കാനാകാതെ കരയുന്നതു കണ്ട ശുദ്ധ ചൈതന്യൻ അവരുടെ സമീപമെത്തി ചോദിച്ചു.

"അമ്മേ... അമ്മയെന്താണ് ഇങ്ങനെ കരയുന്നത്?"

ആ സ്ത്രീ പറഞ്ഞു. "ഞാനൊരു നിർഭാഗ്യവതിയായ വിധവയാണ്. ഈ ദേവീ ഭക്തന്മാർ എന്റെ ഒരേ ഒരു മകനെ ഇന്ന് ബലി നൽകാൻ നിശ്ചയിച്ചിരിക്കുന്നു. അവനെ മോചിപ്പിക്കുവാനുള്ള എന്റെ അപേക്ഷയൊന്നും അവർ കേൾക്കുന്നില്ല.

സംസാരിച്ചുകൊണ്ട് അവർ ദേവീക്ഷേത്രത്തിലെത്തി. അപ്പോഴേക്കും അബോധാവസ്ഥയിലുള്ള ബാലനെ അവർ വിഗ്രഹത്തിനുമുന്നിലുള്ള ബലിക്കല്ലിൽ കിടത്തിയിരുന്നു. ഭക്തന്മാർ ഉച്ചത്തിൽ നാമം ജപിച്ചുകൊണ്ടിരുന്നു. എന്നാൽ ആരുടെയും മുഖത്ത് ആ പാവം ബാലനോട് അല്പം പോലും ദയയുള്ളതായി കണ്ടില്ല. ശുദ്ധ ചൈതന്യൻ ക്ഷേത്രത്തിനകത്തേക്ക് കയറി.

"നിർത്തൂ! നിങ്ങൾ എന്താണ് ചെയ്യുന്നത്? ഈ പാവപ്പെട്ട വിധവയുടെയും കുട്ടിയുടെയും നേരേ എന്തപരാധമാണ് ചെയ്യാൻ പോകുന്നത്?"

പ്രധാന പൂജാരി പറഞ്ഞു. "ഞങ്ങൾക്ക് ഈ ബാലനെ ഇന്ന് ദേവിക്ക് ബലി നൽകണം. നിങ്ങൾക്ക് ഇവനെ രക്ഷിക്കണമെന്നുണ്ടെങ്കിൽ നിങ്ങൾ സ്വയം ദേവിക്ക് ബലിയാകുക." അതു കേട്ട ശുദ്ധചൈതന്യന് യാതൊരു സങ്കോചവും തോന്നിയില്ല. അദ്ദേഹം ബാലന് പകരമായി ആ ബലിപീഠത്തിൽ സ്വയം കയറി കിടക്കാൻ തയ്യാറായി.

ദേവീ ഭക്തർ ആവേശഭരിതരായി അട്ടഹസിക്കാൻ തുടങ്ങി. ശബ്ദം കേട്ട് കുറേ പട്ടാളക്കാർ അവിടെയെത്തി. സാഹചര്യം മനസ്സിലാക്കിയ അവർ ആ ദേവീഭക്തരെ ശാസിക്കാൻ തുടങ്ങി. അവർ ഓടി രക്ഷപെട്ടു. ഭയവിമുക്തയായ ആ സ്ത്രീ തന്റെ മകനെ രക്ഷിച്ച ശുദ്ധ ചൈതന്യന്റ പാദത്തിൽ ശിരസ്സുനമിച്ച് നന്ദി പ്രകടിപ്പിച്ചു.

ഈ സംഭവത്തിനുശേഷമാണ് ശുദ്ധ ചൈതന്യൻ സ്വാമി പൂർണാനന്ദ സരസ്വതിയിൽ നിന്നും ദീക്ഷ സ്വീകരിച്ച് ദയാനന്ദ സരസ്വതിയായത്. സ്വാമി പൂർണാനന്ദ സരസ്വതി തന്നെയാണ് ദയാനന്ദനെ ഉപരിപഠനത്തിനായി തന്റെ ശിഷ്യനായ മഥുരാവാസി വിരജാനന്ദന്റ സമീപത്തേക്ക് അയച്ചതും. ■

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)


ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## വാല്മീകി രാമായണം, കൃഷ്ണായനം 2023 ഓൺലൈൻ മത്സരപരീക്ഷാവിജയികൾക്കുള്ളപുരസ്കാരദാനവും, പുസ്തകപ്രകാശനവും നടന്നു

കാറൽമണ്ണ വേദഗുരുകുലവും, ലേഖരാം ഫൗണ്ടേഷനും സംയുക്തമായി ആഗസ്ത് 13 ന് നടത്തിയ വാല്മീകി രാമായണം ഓൺലൈൻ മത്സരപരീക്ഷയുടെയും, സെപ്തംബർ 10 ന് നടത്തിയ കൃഷ്ണായനം 2023 ഓൺലൈൻ മത്സരപരീക്ഷയുടെയും വിജയികൾക്കുള്ള പുരസ്കാരവിതരണവും ആര്യസമാജം വെള്ളിനേഴിയുടെ പുതിയ പ്രസിദ്ധീകരണങ്ങളായ 'ഹിന്ദു സംഘാടനം എന്തുകൊണ്ട്? എങ്ങനെ?', 'വ്യവഹാരഭാനുഃ', 'അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം' എന്നീ പുസ്തകങ്ങളുടെ പ്രകാശനവും 2023 സെപ്തംബർ 22 ന് വൈകുന്നേരം 3 മണിക്ക് കാറൽമണ്ണ വേദഗുരുകുലത്തിൽ വെച്ച് ശ്രീ. ടി. എം. ഭവദാസൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സ്വാമി സ്വരൂപാനന്ദ സരസ്വതി (ശിവാനന്ദാശ്രമം മഠാധിപതി, പാലക്കാട്) നിർവ്വഹിച്ചു.

കേരളത്തിനകത്തും പുറത്തും നിന്നുമുള്ള വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചടങ്ങിൽ പങ്കെടുക്കുകയും വിജയികളെ അനുമോദിക്കുകയും ചെയ്തു.







യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)

രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.

RNI NO. KERMAL/2013/53849
REGISTERED NO. OTTAPALAM/5/2023-25

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ) (Big Size)
   മഹർഷി ദയാനന്ദസരസ്വതി. അനുവാദകൻ: കെ.എം. രാജൻ മീമാംസക് — Rs.250.00.
2. സത്യാർത്ഥപ്രകാശം (മലയാളം 2-ാം പതിപ്പ്) (Small Size)
   മഹർഷി ദയാനന്ദസരസ്വതി. അനുവാദകൻ: കെ.എം. രാജൻ മീമാംസക് — Rs.100.00.
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. തർജ്ജമ : കെ.എം.രാജൻ മീമാംസക് — Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ — Rs. 10.00
5. വേദാന്തിധ്വാന്ത നിവാരണം — Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ മീമാംസക്
6. പൂനാ പ്രവചനം (ഉപദേശമഞ്ജരി) — Rs.200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക്
7. ആര്യോദ്ദേശ്യരത്നമാല — Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ മീമാംസക്
8. സംശയനിവാരിണി : ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ മീമാംസക് — Rs. 200.00
9. വേദപ്രകാശം പാഠാവലി - കെ.എം.രാജൻ മീമാംസക് — Rs. 40.00
10. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ മീമാംസക് — Rs. 60.00
11. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ മീമാംസക് — Rs. 35.00
12. ശിവസങ്കല്പം - കെ.എം.രാജൻ മീമാംസക് — Rs. 30.00
13. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ മീമാംസക് — Rs. 40.00
14. വൈദിക ഈശ്വരൻ - കെ.എം.രാജൻ മീമാംസക് — Rs. 35.00
15. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ മീമാംസക് — Rs. 60.00
16. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ — Rs.250.00
17. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി,
    തർജ്ജമ : പി. നാരായണൻ — Rs 150.00
18. വേദങ്ങളെ അറിയുക- ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ മീമാംസക് — Rs. 135.00
19. വ്യവഹാരഭാനു - മഹർഷി ദയാനന്ദ സരസ്വതി തർജ്ജമ കെ.എം.രാജൻ മീമാംസക് — Rs. 90.00
20. ഹിന്ദു സംഘാടനം എന്തുകൊണ്ട് ? എങ്ങനെ ? : സ്വാമി ശ്രദ്ധാനന്ദൻ — Rs. 150.00
    തർജ്ജമ - കെ.എം.രാജൻ മീമാംസക്
21. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ മീമാംസക് — Rs. 60.00
22. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ മീമാംസക് — Rs. 75.00
23. ഗോകരുണാനിധി :- മഹർഷി ദയാനന്ദ സരസ്വതി, തർജ്ജമ കെ.എം.രാജൻ മീമാംസക് — Rs. 50.00

(തപാൽ ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. പാണിനീയ ശിക്ഷ (വൃദ്ധപാഠം, ശിക്ഷാഭാവപ്രകാശോപേതാ) - ആചാര്യ ഉദയൻ മീമാംസക്
   തർജ്ജമ - ബ്രഹ്മചാരി വിഷ്ണു ശർമ്മൻ
2. പാണിനിയുടെ ശിക്ഷാഗ്രന്ഥം (ലഘുപാഠം) - വ്യാഖ്യാതാവ് : ബ്രഹ്മചാരി വിഷ്ണു ശർമ്മൻ
3. സംസ്കൃത വ്യാകരണ പ്രവേശിക - ബ്രഹ്മചാരി വിഷ്ണു ശർമ്മൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan
Email: dayanandasandesam@gmail.com Phone: 7907077891, 9497525923